ഉത്തരം

(എ) ഉദ്ദേശം 442.69 ഹെക്ടർ സ്ഥലം.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പഴയകുന്നുമ്മേൽ പഞ്ചായത്തിലെ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ

1978 [3050] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽപ്പെട്ട പഴയകുന്നുമ്മേൽ പഞ്ചായത്തിൽ എത്ര ഹെക്ടർ സ്ഥലം മണ്ണൊലിപ്പിന്റെ കെടുതിയിൽപ്പെട്ടിട്ടുണ്ട്;

(ബി) 1982-നു ശേഷം അവിടെ മണ്ണൊലിപ്പു തടയുന്നതിനും മണ്ണു സംരക്ഷണത്തിനുംവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അതിലേക്ക് എത്രരൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 42 ഹെക്ടർ സ്ഥലം.

(ബി) ഉണ്ട്.

(സി) പഴയകുന്നുമ്മേൽ പഞ്ചായത്തിൽ മൂങ്ങാംകുഴി എ, ബി, സി, ഡി എന്നീ നാലു ഹരിജൻ മണ്ണു സംരക്ഷണ പദ്ധതികൾ തുടങ്ങുകയും 2,74,697 രൂപ ചെലവഴിക്കുകയും ചെയ്തു.

സ സ്ഥാനത്തെ സബ് ട്രഷറികൾ

1979 [3051] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സബ് ട്രഷറികൾ ഉണ്ട്;

(ബി) സബ്ട്രഷറികളുടെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ;

(സി) പുതിയ സബ് ട്രഷറികൾ ഈ വർഷം തുടങ്ങുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എവിടെയൊക്കെ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 132.

(ബി) ഓരോ ജില്ലാ ട്രഷറിയുടേയും കീഴിൽ വരുന്ന സബ് ട്രഷറികളുടെ ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി, ഡി) പുതിയ സബ് ട്രഷറികൾ തുടങ്ങുന്ന കാര്യം പരിഗണനയിലിരിക്കുന്നതേയുള്ളൂ. അന്തിമ തീരുമാനം എടുത്തുകഴിഞ്ഞിട്ടില്ല.

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly